# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,

തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com


## സംഗ്രഹം

സംസ്ഥാന സർക്കാരിൽ നിലവിലുള്ളതായ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റെ ഇൻഷ്വറൻസ് പദ്ധതി - 2021 വർഷത്തേയ്ക്കുള്ള പദ്ധതി KSEBL – ൽ പുതുക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ബോർഡ് ഉത്തരവ് (എഫ്.റ്റി.ഡി) നം. 101 /2021 (പി.എസ്.8/ജി.എൽ/ജി.പി.എ.ഐ.എസ്/ 2020

തിരുവനന്തപുരം, തീയതി. 04/02/2021

പരാമർശം:- 1) G.O (P) No.150/2020/Fin തീയതി 05.11.2020.
2) G.O (Rt) No.6803/2020/Fin തീയതി 23.11.2020.
3) 07.01.2021 – ൽ കൂടിയ മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗത്തിലെ തീരുമാനം (Agenda 23/1/21).

## ഉത്തരവ്

ജി.പി.എ.ഐ.എസ് പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിന് എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിൽ നിർബന്ധമായും അംഗത്വം എടുത്തിരിക്കണമെന്ന വ്യവസ്ഥ കർശനമായും പാലിക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശമുള്ളതിനാലും പ്രസ്തുത പദ്ധതികളിലെ നിർബന്ധിത അംഗത്വത്തിൽ KSEBL ജീവനക്കാരെ ഉൾപ്പെടുത്തുന്നതിൽ സ്ഥാപനത്തിലെ അംഗീകൃത തൊഴിലാളി / ഓഫീസർ സംഘടനകൾ അനുകൂല നിലപാട് അറിയിച്ചിട്ടില്ലാത്തതിനാലും 2021 വർഷത്തേയ്ക്ക് GPAIS പദ്ധതി പുതുക്കുന്നതിനായി ഓരോ ജീവനക്കാരുടെയും നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും GST ഉൾപ്പെടെയുള്ള വാർഷിക പ്രീമിയം തുകയായ 1004/- രൂപാ വീതം കുറവുചെയ്ത് ട്രഷറിയിൽ ഒടുക്കാതെ സസ്പെൻസ് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുകയാണ്. 2021 വർഷത്തേയ്ക്കുള്ള GPAIS പ്രീമിയം തുക ട്രഷറിയിൽ ഒടുക്കുന്നതിനുള്ള അവസാന തീയതി 31.12.2020 ആയിരുന്നു.

GPAIS പദ്ധതി 2021 വർഷത്തേയ്ക്ക് പുതുക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനത്തിലെ അംഗീകൃത തൊഴിലാളി / ഓഫീസർ സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചകളിലെ തീരുമാന പ്രകാരം KSEBL ജീവനക്കാരെ SLI, GIS പദ്ധതികളിൽ അംഗത്വം നേടുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവുണ്ടാകുന്നതിനും പ്രീമിയം തുക സർക്കാർ ജീവനക്കാരുടേതിനു തുല്യമായി നിശ്ചയിക്കണമെന്നുമുള്ള ആവശ്യങ്ങൾ പരിഗണിക്കുന്നതിനായി ധനകാര്യവകുപ്പിലേയ്ക്കും ഇൻഷ്വറൻസ് ഡയറക്ടർക്കും കത്തു നൽകിയിരുന്നുവെങ്കിലും ആയതിൽ നാളിതുവരെ അനുകൂല സമീപനം സ്വീകരിക്കുകയുണ്ടായില്ല. നിലവിൽ പ്രീമിയം ഇനത്തിൽ ജീവനക്കാരിൽ നിന്നും കിഴിവ് നടത്തി സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക അതേപടി

നിലനിർത്തുവാനും സർക്കാരിൽ നിന്നും അനുകൂല തീരുമാനം ലഭിക്കാത്ത സാഹചര്യം ഉണ്ടായാൽ വെൽഫയർ ഫണ്ടുമായി ബന്ധപ്പെടുത്തിയോ അല്ലായെങ്കിൽ KSEBL നേരിട്ടോ നടത്തുന്ന പദ്ധതിയെ സംബന്ധിച്ച നിർദ്ദേശങ്ങൾ ബോർഡ് തലത്തിൽ സമർപ്പിക്കുവാനും തൊഴിലാളി / ഓഫീസർ സംഘടനകൾ ആവശ്യപ്പെടുകയുണ്ടായി.

പ്രസ്തുത വിഷയം 07.01.2021 – ൽ കൂടിയ മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗത്തിൽ പരിഗണിക്കുകയും താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുകയുണ്ടായി.

1) GPAIS ഇനത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രീമിയമായി കിഴിവ് ചെയ്ത തുക സർക്കാർ തലത്തിലുള്ള തീരുമാനത്തിനായി സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിക്കുവാനും സർക്കാരിലേയ്ക്ക് SLI, GIS പദ്ധതികളിലെ നിർബന്ധിത അംഗത്വത്തിൽ നിന്നും 2020 – ൽ പൊതുമേഖലാ സ്ഥാപനമായ KSEB Ltd നെ ഒഴിവാക്കിയിട്ടുള്ള രീതിയിൽ 2021 ലും ഒഴിവാക്കുവാനും സർക്കാർ തീരുമാനത്തിനായി കാലതാമസം സംഭവിക്കുന്ന സാഹചര്യത്തിൽ പ്രീമിയം ഒടുക്കുന്നതിനും കാലതാമസം ഉണ്ടാകുന്ന പക്ഷം ഇൻഷ്വറൻസ് കവറേജ് പിരീയഡ് 01/01/2021 മുതൽ ലഭ്യമാക്കുന്നതിനും അനുകൂല ഉത്തരവ് കൂടി നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഫിനാൻസ് വകുപ്പിന് കത്ത് നൽകാൻ അനുമതി നൽകി.

2) പ്രീമിയം ഇനത്തിൽ കിഴിവ് ചെയ്ത തുക KSEB Ltd ഇക്കാര്യത്തിൽ ഉചിത തീരുമാനമെടുക്കുന്നതു വരെ സസ്പെൻസ് അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുവാൻ എല്ലാ ARU അധികാരികൾക്കും നിർദ്ദേശം നല്കി പരിപത്രം നൽകാനും അനുമതി നൽകി.

3) സർക്കാരിൽ നിന്നും SLI, GIS നിർബന്ധിത അംഗത്വത്തിൽ നിന്നും ഒഴിവാക്കികൊണ്ടുള്ള അനുകൂല തീരുമാനം ലഭിക്കാത്ത പക്ഷം GPAIS പദ്ധതി വെൽഫയർ ഫണ്ടുമായി ബന്ധപ്പെടുത്തിയോ അല്ലായെങ്കിൽ KSEBL നേരിട്ടോ നടത്തുന്ന പദ്ധതിയെ സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കി ബോർഡ് തലത്തിൽ പരിഗണനക്കായി സമർപ്പിക്കാൻ തീരുമാനിച്ചു.

മേൽ തീരുമാനപ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ ഇതിനാൽ ഉത്തരവാകുന്നു.

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

**ഒപ്പ്**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

ചീഫ് പേഴ്സണൽ ഓഫീസർ
എല്ലാ ചീഫ് എഞ്ചിനീയർമാർക്കും /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും/
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും

പകർപ്പ് :- ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)

ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, സി.പി, ആർ.ഇ.ഇ.എസ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
സി. എ ടു കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
സി. എ ടു ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ചീഫ് എഞ്ചിനീയർ (ഐ.റ്റി)
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)}
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്